"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നഗരകാര്യ ഡയറക്ടർ ഓഫീസിൽ ക്ലാർക്കായിരുന്ന ശ്രീ.ബിനുരാജൻ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ.സുഭാഷ് പി.കെ. എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2017/2025/LSGD തീയതി,തിരുവനന്തപുരം, 14-08-2025

---

പരാമർശം:-

1. 21.07.2023 തീയതിയിലെ എ.വി.സി. II-1/28/2023-ഉഭപവ. നമ്പർ കത്ത് പ്രകാരമുള്ള അന്വേഷണറിപ്പോർട്ട്.
2. 14.08.2023 തീയതിയിലെ ഇയു2/322/2022/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.11.2024 തീയതിയിലെ LSGD/PD/52710/2023-VIGA5 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

നഗരകാര്യ ഡയറക്ടർ ഓഫീസിൽ നിന്നും കൃത്യ സമയത്ത് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമായി ബന്ധപ്പെട്ട ശ്രീ. നിഷ ബാലകൃഷ്ണന്റെ പരാതിയിൻമേലുള്ള പരാമർശം 1 പ്രകാരമുള്ള അന്വേഷണറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ഓഫീസിൽ ക്ലാർക്കായിരുന്ന ശ്രീ.ബിനുരാജൻ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ.സുഭാഷ് പി.കെ. എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയുടെ ഭാഗമായി പരാമർശം 2 പ്രകാരം ടിയാളുകൾക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.ബിനുരാജൻ, ശ്രീ.സുഭാഷ് പി.കെ. എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. പ്രതിവാദപത്രികയിൽ പ്രതിപാദിച്ചിട്ടുള്ള വിശദാംശങ്ങളും നേരിൽ കേട്ട വേളയിൽ ടിയാളുകൾ സൂചിപ്പിച്ചിട്ടുള്ള വിശദാംശങ്ങളും തൃപ്തികരമല്ലെന്ന് കാണുന്നതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് KCS(CC&A)Rules, 1960 Rule 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടർ ഓഫീസിൽ ക്ലർക്കായിരുന്ന ശ്രീ.ബിനുരാജൻ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ.സുഭാഷ് പി.കെ. എന്നിവർക്കെതിരായി കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിൻറ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻറ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 14-08-2025 16:30:20

സെക്ഷൻ ഓഫീസർ